കാസർഗോഡ് പ്ലാന്റേഷൻ കോർപ്പറേഷൻ പരിസര പ്രദേശത്തുള്ള പാദ്രേ വില്ലേജിലെ റാണി നഗർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ 619 കുട്ടികളിലാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്കുപേഷണൽ റിസർച്ച് എന്ന ഏജൻസി പഠനം നടത്തിയിട്ടുള്ളത്. ഇതിൽ പരിസര പ്രദേശങ്ങളിലെ കുട്ടികളിൽ പ്രകടമായ അസാധാരണ രോഗങ്ങളും ജനിതക ബുദ്ധിപരമായ വൈകല്യങ്ങളും എൻഡോസൾഫാന്റെ പാർശ്വ ഫലമായിരിക്കാമെന്ന സൂചനയുണ്ട്. അതിനുപുറമെ, തദ്ദേശ തല സ്രോതസ്സുകളിൽ നടത്തിയ പരീക്ഷണങ്ങളിൽ എന്റോസൾഫാന്റെ അംശം കണ്ടതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഏജൻസി നടത്തിയ പഠനങ്ങളുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) അച്ചുതൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറത്തിറക്കിയ ഉത്തരവു നമ്പർ ജി. ഒ. (എംഎസ്.) 30/2002/എ.ഡി. തീയതി 18-2-2002 പ്രകാരം അന്തരീക്ഷ മാർഗ്ഗേണയുള്ള എന്റോസൾഫാന്റെ പ്രയോഗം സംസ്ഥാനത്തുടനീളം നിരോധിച്ചു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 12-8-2002-ലെ ഉത്തരവു പ്രകാരം സംസ്ഥാനത്ത് എൻഡോസൾഫാന്റെ ഉപയോഗം ഇനി ഒരുത്തരവുണ്ടാകുന്നതുവരെ നിർത്തലാക്കി.

എൻഡോസൾഫാൻ പ്രയോഗം ഇപ്പോൾ ഒരു വിളയ്ക്കും കൃഷി വകുപ്പ് ശുപാർശ ചെയ്യുന്നില്ല. എൻഡോസൾഫാൻ സംസ്ഥാനത്തിനകത്ത് വിതരണം നടത്തുന്നതിനോ ബ്ലോക്കു ചെയ്യുന്നതിനോ ഉള്ള ലൈസൻസ് ഇപ്പോൾ കൃഷി വകുപ്പ് നൽകുന്നില്ല. ഇവ പ്രാദേശിക ഡിപ്പോകൾവഴി വിതരണം നടത്തുന്നില്ലെന്ന് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഇൻസെക്ടിസൈഡ്സ് ഇൻസ്പെക്ടർമാർ (കൃഷി ഓഫീസർമാർ) ആനുകാലിക പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

ആദിവാസികൾക്ക് വരുമാന പദ്ധതികൾ തുടങ്ങാൻ നടപടി

77 (2526) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് വരുമാനദായക പദ്ധതികൾ ആവിഷ്കരിക്കാൻ മൃഗസംരക്ഷണവകുപ്പും കൃഷി വകുപ്പും യോജിച്ച് ഏതെങ്കിലും പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly